# സ്തേഫാനോസ്: ഒന്നാമത്തെ രക്തസാക്ഷിയും ആത്മനിറവുള്ള പ്രവാചകനും

സാക് പുന്നൻ

WFTW 19 ജൂൺ 2016

സ്തേഫാനോസിനെ കുറിച്ച് പറഞ്ഞിരിക്കുന്നത്, അദ്ദേഹം യഹൂദ മതനേതാക്കന്മാരോട് പ്രസംഗിച്ചപ്പോൾ, അദ്ദേഹത്തിൻറെ വിവേകത്തോടും ആത്മപ്രചോദിതമായ വാക്കുകളോടും അവർക്കെതിർത്തു നിൽപ്പാൻ കഴിഞ്ഞില്ല എന്നാണ് (അപ്പൊ.പ്ര.6:10). നാം സംസാരിക്കുമ്പോൾ അത് നമ്മുടെയും അനുഭവമാകാൻ കഴിയും. സ്തേഫാനോസ് അവരോട് തുടർന്ന് ചോദിച്ചു 'പ്രവാചകന്മാരിൽ ആരെയാണ് നിങ്ങളുടെ പിതാക്കന്മാർ ഉപദ്രവിക്കാതിരുന്നിട്ടുള്ളത്'? (അപ്പൊ.പ്ര.7:52). പഴയനിയമ കാലങ്ങളിലുണ്ടായിരുന്ന ഓരോ പ്രവാചകനും ജനസമ്മതനല്ലാത്തവനും ഉപദ്രവിക്കപ്പെട്ടവനും ആയിരുന്നു. ഒരു പ്രവാചകൻ ഉപദേഷ്ടാവിൽ നിന്ന് വ്യത്യസ്തനാണ്. ഒരു ഉപദേഷ്ടാവ് അനേകരാൽ സ്വീകരിക്കപ്പെട്ടേക്കാം. എന്നാൽ ഒരു പ്രവാചകൻ സാധാരണയായി തൃജിക്കപ്പെടുന്നവനും ജനപ്രീതിയാർജ്ജിക്കാത്തവനുമാണ്. ഒരു ഉപദേഷ്ടാവ് സാധാരണ ഗതിയിൽ വിവാദ പുരുഷനല്ല. എന്നാൽ ഒരു യഥാർത്ഥ പ്രവാചകൻ ഏതു വിധേനയും എപ്പോഴും ഒരു വിവാദ പുരുഷനാണ്. അതുകൊണ്ട് പ്രവാചകന്മാർ എപ്പോഴും പീഡിപ്പിക്കപ്പെടുന്നവരാണ്, എന്നാൽ ഉപദേഷ്ടാക്കന്മാരും സുവിശേഷകന്മാരും അങ്ങനെയല്ല. അവർക്ക് കുറ്റബോധമുണ്ടാകത്തക്ക വിധമാണ് സ്തേഫാനോസ് പ്രസംഗിച്ചത്. ഇത് അദ്ദേഹത്തെ കൊല്ലുവാൻ തക്കവണ്ണം അവരെ രോഷാകുലരാക്കി. ക്രൈസ്തവ സഭയിലെ ഒന്നാമത്തെ രക്തസാക്ഷി അദ്ദേഹമായിരുന്നു (അപ്പൊ.പ്ര.7:54,55).

അപ്പൊസ്തലപ്രവൃത്തി 7:5556 വരെയുള്ള വാക്യങ്ങളിൽ സ്തേഫാനോസിനെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്ന വാക്കുകളിൽ, യഥാർത്ഥ ആത്മനിറവുള്ള ഒരു പ്രവാചകൻറെ ചില ലക്ഷണങ്ങൾ നാം കാണുന്നു :

. അദ്ദേഹത്തിൻറെ മനസ്സ് സ്ഥിരമായി സ്വർഗ്ഗീയ കാര്യങ്ങളിൽ വച്ചിരിക്കുന്നു. 2. എല്ലാ സാഹചര്യങ്ങളിലും അദ്ദേഹം ദൈവത്തിൻറെ മഹത്വം ദർശിക്കുന്നു. 3. മനുഷ്യരുടെ എതിർപ്പുകളാൽ അദ്ദേഹം കുപിതനാകുന്നില്ല. 4. അദ്ദേഹത്തിൻറെ ദൃഷ്ടി ദൈവത്തിൻറെ വലതുഭാഗത്തിരിക്കുന്ന യേശുവിൻറെമേൽ ഉറപ്പിക്കപ്പെട്ടിരുന്നു. 5. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെപ്പറ്റി അദ്ദേഹം ധൈര്യത്തോടെ സാക്ഷ്യപ്പെടുത്തുന്നു. 6. അദ്ദേഹം ഉപദ്രവിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. 7. അദ്ദേഹം തന്നെ ഉപദ്രവിക്കുന്നവരോട് ക്ഷമിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ദൈവം സ്തേഫാനോസിനെ കൊല്ലുവാൻ അനുവദിച്ചത് പല കാരണങ്ങളാലാണ് അതിലൊന്ന് തർസീസ് കാരൻ ശൗലിൻറെ മാനസാന്തരമായിരുന്നു. കൊല്ലപ്പെടുന്ന സമയത്ത് സ്തേഫാനോസിൻറെ മനോഭാവം പൗലൊസ് കണ്ടില്ലായിരുന്നുവെങ്കിൽ അദ്ദേഹം മാനസാന്തരപ്പെടുമായിരുന്നോ എന്ന് ഞാൻ അതിശയിക്കുന്നു.

തന്നെ ക്രൂശിച്ചവർക്കുവേണ്ടി യേശു പ്രാർത്ഥിച്ച രീതി കേട്ടപ്പോൾ റോമൻ ശതാധിപന് യേശു ദൈവപുത്രനായിരുന്നുവെന്ന് ബോധ്യപ്പെട്ടു.

സ്തേഫാനോസ് പ്രാർത്ഥിക്കുന്ന രീതി പൗലൊസ് കേട്ടപ്പോൾ അദ്ദേഹത്തിൻറെ മന:സ്സാക്ഷി അദ്ദേഹത്തെ കുത്തുവാനും താൻ ഇപ്രകാരം ചിന്തിക്കുവാനും തുടങ്ങി: 'നിൻറെ

മന:സ്സാക്ഷിയുടെ കുത്തുകളുടെ നേരെ പ്രതിരോധിച്ചുകൊണ്ടിരിക്കുന്നത് നിനക്ക് വിഷമമാണ്' (അപ്പൊ.പ്ര.26:16) അങ്ങനെ അദ്ദേഹം മാനസാന്തരപ്പെട്ടു.

നിങ്ങൾക്ക് തിന്മ ചെയ്യുന്നവരോട് നിങ്ങൾ പ്രതികരിക്കുന്ന വിധം, നിങ്ങളെ നിരീക്ഷിക്കുന്ന ചിലരിൽ ഒരു പരിവർത്തനമുളവാക്കിയിട്ട് അത് അയാളുടെ രക്ഷക്ക് അത് മുഖാന്തരമാകാൻ കഴിയും. കഴിഞ്ഞ രണ്ടായിരം വർഷങ്ങളിൽ പീഡനത്തോടുള്ള ക്രിസ്ത്യാനികളുടെ ദൈവഭക്തിയോടുകൂടിയ പ്രതികരണം കണ്ട് മാനസാന്തരപ്പെട്ട ആയിരക്കണക്കിന് ആളുകളിൽ ഒന്നാമനായിരുന്നു പൗലൊസ്. എന്നാൽ അതുപോലെ പ്രതികരിക്കണമെങ്കിൽ നാം പരിശുദ്ധാത്മാവിനാൽ നിറയപ്പെടേണ്ടതുണ്ട്.